# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 28 - 11/06/2012-ലെ മറുപടിക്ക്**

**തൊഴിൽ സംരംഭക മിഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ് | | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും<br>വകുപ്പു മന്ത്രി |
| (എ) | സംസ്ഥാനത്ത് തൊഴിൽ സംരംഭക മിഷൻ തുടക്കമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ഉണ്ട്. 50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പുവരുത്തുന്ന കേരള സംസ്ഥാന സ്വയം സംരംഭക വികസനമിഷൻ, 2011-12-ലെ കേരള സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും, കേരള സർക്കാരിന്റെ 8/12/11-ലെ സർക്കാർ ഉത്തരവ് (എംഎസ്) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വരികയും ചെയ്തു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ്; | ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ സംരംഭകത്വസ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയംസംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളുമുള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്തതിനുശേഷം, പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശ രഹിത സാമ്പത്തിക സഹായം ലഭ്യമാക്കുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. |

| | | |
|---|---|---|
| | | 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, വിധവകൾക്ക് 45 വയസ്സു വരെ അപേക്ഷിക്കാം. +2, വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2 മുതൽ 5 പേർ അടങ്ങിയ ഗ്രൂപ്പുകളായിട്ടാണ് അപേക്ഷിക്കേണ്ടത്. സാങ്കേതികവിദഗ്ദ്ധർക്ക് ഒറ്റയ്ക്കും അപേക്ഷിക്കാം. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലാണ് അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നാലാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകുന്നു.<br><br>പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കുന്നതാണ്. 5 അംഗങ്ങളുള്ള ഓരോ ഗ്രൂപ്പിനും പദ്ധതി ചെലവിന്റെ അടങ്കൽ തുകയുടെ 90% (20 ലക്ഷം രൂപയിൽ കവിയാതെ) പലിശരഹിത വായ്പ ലഭ്യമാക്കുന്നതാണ്. ഈ പരിധി, 5-ൽ കുറഞ്ഞ അംഗങ്ങളുള്ള ഗ്രൂപ്പുകൾക്ക് എണ്ണത്തിന് ആനുപാതികമായി കുറവുവരുത്തുന്നതാണ്. വായ്പയുടെ പലിശ മുഴുവനും സർക്കാർ വഹിക്കുന്നതാണ്. സാങ്കേതിക വിദഗ്ദ്ധർക്ക് ഗ്രൂപ്പടിസ്ഥാനത്തിലല്ലാതെ ടി പദ്ധതി ആനുകൂല്യം 10 ലക്ഷം രൂപയിൽ നിജപ്പെടുത്തി ലഭ്യമാക്കുന്നതാണ്. ടി വായ്പയുടെ തിരിച്ചടവ് കാലാവധി ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 5 വർഷമായിരിക്കും. |
| (സി) | തൊഴിൽ സംരംഭകർക്കുള്ള പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ആരംഭിച്ചിട്ടുണ്ട്. 3977 സംരംഭങ്ങൾ ഈ പദ്ധതിയിൽ ആദ്യബാച്ചിലേക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 816 സംരംഭകരെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയും 450 പേർ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.<br><br>കോട്ടയം ഒഴികെയുള്ള 13 ജില്ലകളിൽ RSETI യും (Rural Self Employment Training Institute) കോട്ടയം ജില്ലയിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമാണ് തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്ക് പരിശീലനം നൽകിയത്. ഏറ്റവും കുറഞ്ഞത് 50% ക്ലാസ്സുകളിലെങ്കിലും ഹാജരായവർക്കു മാത്രമേ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ളൂ. |

| | | |
|---|---|---|
| (ഡി) | എത്ര ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | 50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ